(സി) പുല്ലുമേട്ടിൽ നടന്ന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തു നടപടികൾ വേണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു. മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശബരിമല പുല്ലുമേട് ദുരന്തത്തിൽപ്പെട്ടവർക്കായി പ്രഖ്യാപിച്ച സഹായം

213(421) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തൊക്കെ സഹായങ്ങളാണ് പ്രഖ്യാപിച്ചതെന്ന് വിശദീകരിക്കുമോ ;

(ബി) ശബരിമല പുല്ലുമേട് ദുരിതബാധിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ശബരിമല പുല്ലുമേട് ദുരന്തത്തിൽപ്പെട്ടു മരിച്ചവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയും(രണ്ടര ലക്ഷം രൂപ സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും രണ്ടര ലക്ഷം രൂപയും) കേന്ദ്ര സർക്കാർ ഒരു ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും നിസ്സാര പരിക്കേറ്റവർക്ക് 25,000 രൂപയും നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരിക്കേറ്റവർക്ക് കേന്ദ്ര സർക്കാർ 50,000 രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ള തുക നൽകാൻ വേണ്ടി ബഹു. ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. സർക്കാരിൽ നിന്നുള്ള തുക നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ശബരിമല പുല്ലുമേട് ദുരന്തം

214(422) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല (പുല്ലുമേട്) ദുരന്തസ്ഥലം സന്ദർശിച്ച ലോക്സഭാ പ്രതിപക്ഷനേതാവ് സർക്കാരിനെ വിമർശിച്ചുകൊണ്ട് നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശബരിമല ദർശനം നടത്തുന്ന അയ്യപ്പഭക്തന്മാർക്ക് വേണ്ട, വെളിച്ചവും, കുടിവെള്ളവും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദുരന്തത്തിന് കാരണം സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും അനാസ്ഥയാണെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മുമ്പും സംബന്ധിച്ച് ചില പ്രതികരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. ശബരിമല, പമ്പ, നിലയ്ക്കൽ, പരമ്പരാഗത പാതകൾ, ഇടത്താവളങ്ങൾ, എരുമേലി എന്നിവിടങ്ങളിലെല്ലാം വെളിച്ചവും കുടിവെള്ളവും ഏർപ്പെടുത്തിയിട്ടുണ്ട്. പുല്ലുമേട് പോലെ പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിനുള്ളിലുള്ള വനപ്രദേശത്ത് കർശനമായ വനനിയമങ്ങൾ പ്രാബല്യത്തിലുണ്ട്.

(സി&ഡി) വ്യത്യസ്തങ്ങളായ പല പ്രതികരണങ്ങളും മാദ്ധ്യമങ്ങളിൽ വന്നു. പുല്ലുമേട് പോലെയുള്ള പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിനുള്ളിലെ വനപ്രദേശത്ത് മറ്റിടങ്ങളിലേതുപോലെയുള്ള തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കുവാൻ വനനിയമങ്ങൾ മൂലം പരിമിതികളുണ്ട്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തുനടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

പുല്ലുമേട് ദുരന്തം ആവർത്തിക്കാതിരിക്കാൻ നടപടി

215(423) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മകരജ്യോതി ദർശിക്കാനെത്തിയ 102 ഭക്തർ മരണപ്പെട്ടത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പോലീസ് സഹായം ആവശ്യത്തിന് നൽകിയും ഇത്തരം തീർത്ഥാടന കേന്ദ്രങ്ങളിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശബരിമല മകരവിളക്കുദിവസമായ ജനുവരി14-ന് രാത്രി ഏകദേശം 8.15 മണിയോടെയാണ് പെരിയാർ കടുവസംരക്ഷണ കേന്ദ്രത്തിലുൾപ്പെട്ട വന പ്രദേശമായ പുല്ലുമേട്ടിൽ 102 ശബരിമല തീർത്ഥാടകരുടെ മരണത്തിനിടയാക്കിയ വലിയ ദുരന്തം സംഭവിച്ചത്. ഏകദേശം ഒന്നര ലക്ഷം ഭക്തർ ദുരന്തമുണ്ടായ ദിവസം പുല്ലുമേട്ടിൽ എത്തിയതായി കണക്കാക്കപ്പെടുന്നു. മുൻ വർഷങ്ങളേക്കാൾ വൈകി 7 മണിക്കാണ് മകരവിളക്ക് ദർശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly